**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4086** **09-08-2021 - ൽ മറുപടിയ്ക്ക്**

**കോരായിക്കടവ് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ബാലുശ്ശേരി, കൊയിലാണ്ടി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കോരായിക്കടവ് പാലം നിർമ്മിക്കുന്നതിനായി കിഫ്ബിയിൽ നിന്നും എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; പ്രസ്തുത നിർമ്മാണ പ്രവൃത്തിയ്ക്ക് സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ടോ; | (എ) | ബാലുശ്ശേരി, കൊയിലാണ്ടി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന തോരായിൽക്കടവ് പാലം നിർമ്മിക്കുന്നതിനായി കിഫ്ബിയിൽ നിന്ന് 18.24 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട് സാങ്കേതികാനുമതി നൽകിയിട്ടില്ല. |
| (ബി) | എത്ര സ്പാനുകളായിട്ടാണ് പ്രസ്തുത പാലം നിർമ്മിക്കാനുദ്ദേശിക്കുന്നത്; എസ്റ്റിമേറ്റ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | 26 മീറ്ററിന്റെ 4 സ്പാനുകളും 26.575 മീറ്ററിന്റെ 2 സ്പാനുകളും 25.625 മീറ്ററിന്റെ 2 സ്പാനുകളും 55 മീറ്ററിന്റെ ഒരു സ്പാനും ഉൾക്കൊള്ളുന്ന 265.05 മീറ്റർ നീളമുള്ള പാലമാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്. സാങ്കേതികാനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (സി) | പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | സ്ഥലം ഏറ്റെടുക്കുന്നതിനായി 33.93 ലക്ഷം രൂപ, സാമ്പത്തികാനുമതി തുകയിൽ നീക്കിവെയ്ക്കപ്പെട്ടിട്ടുള്ളതാണ്. 1,69,690/- രൂപ കണ്ടിജൻസി ചാർജ് ഇനത്തിൽ കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടികളുടെ ഭാഗമായി കിഫ്ബി എൽ.എ തഹസിൽദാർ 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു . |

സെക്ഷൻ ഓഫീസർ